CUT MOTION NO. 5

.....

Mr. President: There is a second motion by Mr. Kumaran Ezhuthassan.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Mr. President, I move that the grant of Rs. 4,321 under Libraries be reduced by one rupee to point out to Government certain monumental defects in the manning and working of the Department, *viz.*, the separate department of libraries. This, Sir, is the other side of the picture to which I referred while on the previous motion. Every picture has two sides, bright and dark. Some great men, I have heard had said that it is not profitable, nay, it is the other way, namely harmful, at times it is even dangerous to look at the dark side of the picture. Always look to the bright side of the picture because that gives you something useful for the simple reason that it is the bright side and therefore from a selfish standpoint it is always safe to look at the bright side of the pi:ture. But, in Government matters. if one looks at the bright side of the picture alone there is the end of the whole matter. There should be persons ready and prepared to look at the dark side also and offer healthy and constructive crisicism without fear or favour. That, Sir, is the way in which and which alone healthy growth is guaranteed. It is in that spirit, Sir, that I have moved this cut and as the wording of the motion shows in the "manning of this department there are monumental defects". In "the working of this department, equally monumental defects" there are. The object of the cut motion is not to snatch away 16 annas from the meagre amount that is asked for but something else. This laudable purpose namely running of libraries tons of money have to be spent and if there is a Minister for this State who will come forward with the demand for about a tenth of the income total of the State, I think. Sir, Cochinites are enlighened enough to vote for the demand perhaps with a congratulatory motion which at that time I am sure, will not be objected to. I submit, Sir, it is stated in the notes that a new department has been started from a particular date 5th Makaram 1122. Now, Sir, the manning of a department starts with the head of it who is there for direction. The departmental head is there for direction, right direction forceful direction compelling direction which will make the subordinates work, work under the directions, producing the results that are expected which ought to be produced. Now, Sir, I have serious doubts about the propriety of appointing the present incumbent for the purpose of direction of this most useful department. If one suspects, as I do suspect, that day, *viz.*, 5th Makaram or its vicinity was a period when a place had to be found for the present incumbent who was occupying another place which was to be abolished. To that place that was abolished the present departmental head was brought from another department. For reasons best known to the authorities for the—I suspect for the higher emoluments that the second place commanded—for that reason it is, I believe, that officer was taken from his first and proper place, which he was occupying, perhaps the only place that persons belonging to the category to which this departmental head belongs may be appointed. When his turn expired in his second place or appointment, he should have been reverted to his first post and not posted to direct the Library department. Therefore I submit Sir, that it was more a case of finding a place for that individual for he is what he is where he can figure only as a square peg in a round hole. That sort of manning the department is something which I cannot countenance and I record my most emphatic protest aganist it. And if there is any reason why he and he alone could be there for known or unknown reasons then, Sir, my case is that in the interests of the department that individual be given the necessary training for however long a period it be which will fit him for that place. This alone is going to make the newly started department what it ought to be. Sir, I have started at the top at the departmental head. Going down there are a few items under Establishment which call for comment. I find one place is kept vacant, another is kept in abeyance. This requires explanation. So I submit, Sir, that in the matter of manning of this department greater attention be paid and appropriate steps be taken to rectify the mistakes of the sort I have pointed out.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble President M. R. Ry. L. M. Pylee Avl. M. A., B. L., in the Chair.

മിസ്റ്റർ എം. കെ. രാജാ: സർ, ഈ ഉപക്ഷേപത്തെപ്പറ്റി ഞാൻ സംസാരിക്കുമ്പോൾ, ഉപക്ഷേപകത്താവിന്റെ നിലയോട് യോജിച്ചുകൊണ്ടല്ല ഞാനതു ചെയ്യുന്നതെന്നു വിശദമാക്കുവാൻ അനുഗ്രഹിക്കണം. ഇത്തരം കാര്യങ്ങളിൽ ഗവണ്മെണ്ടു ചെയ്യുന്ന പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

ത്തികൾക്കു് അവരോടു നന്ദിപറയേണ്ട യാതൊരാവശ്യവും ഞാൻ കാണുന്നില്ല. അടിമ രാജ്യങ്ങളിൽമാത്രം നടന്നുവരുന്ന ഒരുപരിഷ്കൃതസമ്പ്രദായമാണിതു്. കൊച്ചിരാജ്യത്തെ ലൈബ്രറികളുടെ ഭരണത്തെ കൂടുതൽ പുരോഗമിപ്പിക്കുവാനും കൂടുതൽ നന്നാക്കുവാനുംവേണ്ടി ഒരു പ്രത്യേക വകുപ്പു് സൃഷ്ടിച്ചിട്ടുണ്ടു് എന്നുള്ളതുകൊണ്ടുമാത്രം ഞാൻ ഗവൺമെണ്ടിനെ അനുമോദിക്കുവാൻ തയ്യാറില്ല.

Mr. President: Is the Hon'ble Member speaking on the second cut motion or the first?

മിസ്റ്റർ എം. കെ. രാജാ: I am speaking on the second cut motion. ഞാൻ ഈ ഉപക്ഷേപത്തെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ ഇടപെടുന്നതിന്റെ ഉദ്ദേശം പ്രധാനമായും, ഇന്നത്തെ ലൈബ്രറികളുടെ നടത്തിപ്പിൽ കണ്ടു വരുന്ന ചില ന്യൂനതകളെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതിനു പരിഹാരം നേടുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നതിനുംവേണ്ടി മാത്രമാണു്. ലൈബ്രറികളുടെ കാര്യത്തിൽ കൊച്ചിരാജ്യം, മറ്റു പല കാര്യങ്ങളിലുമെന്നതുപോലെ, ഇൻഡ്യയിലെ ബ്രിട്ടീഷ് സംസ്ഥാനങ്ങളെ മാത്രമല്ല പലപല നാട്ടുരാജ്യങ്ങളേയുംകൂടി അതിശയിച്ചിട്ടുണ്ടെന്നുള്ളതു നമുക്കു വളരെ അഭിമാനാവഹമായ ഒരു സംഗതിയാണു്. ലൈബ്രറികളുടെ എണ്ണം നോക്കുകയാണെങ്കിൽ ഇത്രയും പെറിയ ഒരു രാജ്യത്തു് ഇത്രവളരെ ലൈബ്രറികൾ ഉള്ളതായി മറ്റൊരിടത്തും, വിശേഷിച്ചു് ഇൻഡ്യയിൽ, നമുക്കു കാണുവാൻ സാധിക്കുകയില്ല. പക്ഷെ അതുകൊണ്ടു് ഇന്നത്തെ ലൈബ്രറിപ്രസ്ഥാനം തികച്ചും തൃപ്തികരമായ ഒരു നിലയിലാണു് നമ്മുടെ നാട്ടിൽ നടന്നുവരുന്നതെന്നു നമുക്കു സമാധാനപ്പെടാമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ അഭിപ്രായം നിശ്ചയമായും അല്ലെന്നാണു് എനിക്കു തോന്നുന്നതു്. ആദ്യമായി എനിക്കു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു് ഇന്നത്തെ ലൈബ്രറികളെ സംബന്ധിച്ചിടത്തോളം പുസ്തകങ്ങൾ വാങ്ങുന്നതിൽ ഗവൺമെണ്ടു് അനുവർത്തിച്ചുവരുന്ന നയത്തെ സംബന്ധിച്ചാണു്. സർ, ഇന്നു കൊച്ചിരാജ്യത്തുള്ള ഓരോ വില്ലേജു ലൈബ്രറിക്കും കൊല്ലത്തിൽ ൫൦ രൂ. മുതൽ ൧൦൦ രൂ.വരെ അതായതു ലൈബ്രറികളിലേക്കു് പുസ്തകങ്ങൾ സംഭരിക്കുന്നതിനുവേണ്ടി ഗവൺമെണ്ടു് ഒരു ഗ്രാന്റായി അനുവദിക്കുന്നുണ്ടു്. ഈ ഗ്രാന്റു് യഥേഷ്ടം ഉപയോഗിക്കുന്നതിനു ലൈബ്രറി ഭാരവാഹികളെ ഗവൺമെണ്ടു് ഇന്നു അനുവദിക്കുന്നില്ലെന്നാണു ഞാൻ മനസ്സിലാക്കീട്ടുള്ളതു്. കൊല്ലന്തോറും അഭിലഷണീയങ്ങളാണെന്നു ഗവൺമെണ്ടു കരുതുന്നതായ ഏതാനും പുസ്തകങ്ങളുടെ ലിസ്റ്റു് അതായതു ലൈബ്രറികൾക്കു് അയക്കുകയും അതിൽനിന്നു അവക്കിഷ്ടമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകുകയുമാണു ചെയ്തുവരുന്നതു്. ഇങ്ങിനെ ലൈബ്രറികളുടെ നടത്തിപ്പിൽ, അവയുടെ പുസ്തക സംഭരണനയത്തിൽ, ഇന്നിന്ന പുസ്തകങ്ങളേ നമ്മുടെ നാട്ടുകാർ വായിക്കുവാൻ പാടുള്ളു എന്നനുശാസിക്കുന്ന നിലയിൽ ഗവൺമെണ്ടു കൈകടത്തുന്നതു ലൈബ്രറികളുടെ സ്വാതന്ത്ര്യത്തിനും ലൈബ്രറിപ്രസ്ഥാനം എന്തിനുവേണ്ടിയാണൊ നിലകൊള്ളുന്നതു് ആ അടിസ്ഥാനതത്വങ്ങൾക്കും വിരുദ്ധമാണെന്നു പറയാതെ തരമില്ല. ഇതു്, ഒരു തരത്തിൽ പറയുകയാണെങ്കിൽ, ഒരു സെൻഷർഷിപ്പു് സമ്പ്രദായമാണു്. പ്രജായത്തഭരണസമ്പ്രദായം നടപ്പുള്ള ഒരു രാജ്യത്തു സാധാരണ സ്വീകരിക്കാറില്ലാത്ത ഒരു നടപടിയാണിതു്. ഒരു ഏകാധിപത്യരാജ്യത്തിൽ സാധാരണയായി നാട്ടുകാർ ഇന്നയിന്ന പുസ്തകങ്ങൾ മാത്രമേ വായിക്കുവാൻ പാടുള്ളു; ഇന്നയിന്ന വഴികളിൽക്കൂടിയേ ചിന്തിക്കുവാൻ പാടുള്ളു വെന്നു ഗവൺമെണ്ടു നിയന്ത്രിക്കാറുണ്ടു്. ആ തരത്തിലുള്ള ഒരു നിയന്ത്രണം നമ്മുടെ രാജ്യത്തു്, വിശേഷിച്ചും, പ്രജായത്തഭരണത്തിൽ അങ്ങേ അറ്റത്തോളം പുരോഗമിച്ചിട്ടുള്ള നമ്മുടെ നാട്ടിൽ, പൂർവ്വാപരവിരുദ്ധമായിട്ടുള്ള ഒരു നയമായിരിക്കും. ജോർജ്ജു് ബർണാഡ്ഷാ ഒരവസരത്തിൽ പറയുകയുണ്ടായിട്ടുണ്ടു് "Censorship is a minor form of assassination". എന്നു്. (സെൻസർ ഷിപ്പു് കൊലപാതകത്തിന്റെ ഒരു ചെറിയ രൂപം മാത്രമാണു്) ഇങ്ങിനെ ലൈബ്രറികളെ സംബന്ധിച്ചിടത്തോളം കൊലപാതകപരമായ ഒരു നയം ഗവൺമെണ്ടു സ്വീകരിക്കരുതു് എന്നും ഇന്നയിന്ന പുസ്തകങ്ങൾ വാങ്ങിക്കണമെന്നതിനെ സംബന്ധിച്ചുള്ള തികഞ്ഞ സ്വാതന്ത്ര്യം ലൈബ്രറി കമ്മിറ്റികൾക്കു വിട്ടുകൊടുക്കണമെന്നുമാണു് എനിക്കു ഗവൺമെണ്ടിനോടു് ആദ്യമായി ഉൽബോധിപ്പിക്കുവാനുള്ളതു്. ഇതിനുപുറമെ ഇന്നു സാധാരണയായി ലൈബ്രറികൾ നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ചും അവയുടെ പരിസരങ്ങളെ സംബന്ധിച്ചും എനിക്കു വളരെവളരെ ആവലാതിപ്പെടുവാനുണ്ടു്. ഇന്നു ലൈബ്രറി പുസ്തകങ്ങളും ലൈബ്രറിയിൽ വരുന്ന മാസികാഗ്രന്ഥങ്ങളും പൊതുജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങും വേണ്ടത്ര ഉപയോഗിച്ചുവരുന്നില്ലെന്നുള്ളതു് എന്റെ അനുഭവത്തിൽതന്നെ എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. വില്ലേജ് കച്ചേരിയുടേയോ അല്ലെങ്കിൽ പ്രൈമറി സ്കൂളുകളുടേയോ ഏതാണ്ടൊരു മൂലക്കൽ ആക്കും വന്നു നോക്കുവാൻ തോന്നുകപോലും ചെയ്യാത്ത നിലയിലാണു് ഇന്നു ലൈബ്രറികളും നടത്തിവരുന്നതു്. വാസ്തവത്തിൽ നമ്മുടെ ലൈബ്രറിപ്രസ്ഥാനം ജനങ്ങൾക്കു് ആകർഷണീയമാകണമെങ്കിൽ, അവയെ ആകർഷകമായ നിലയിൽ പുരോഗമിപ്പിക്കണമെങ്കിൽ, കൂടുതൽ ആകർഷകമായ പരിസരങ്ങളോടുകൂടിയും പുസ്തകങ്ങളുടെ കാര്യത്തിൽ വേണ്ടത്ര സംവിധാനങ്ങളോടുകൂടിയും ഇന്നത്തെ ലൈബ്രറികളെ പുനഃസംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനെ സംബന്ധിച്ചു് തൃശ്ശിവപേരൂരിൽവെച്ചുകൂടിയ ഗ്രന്ഥാലയസമ്മേളനത്തിൽ വളരെ പ്രധാനമായ ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതിലേക്കു് ഗവൺമെണ്ടിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു. കഴിയുന്നതും വേഗത്തിൽ ലൈബ്രറികൾക്കു് കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ട സഹായം ഗവൺമെണ്ടു് ചെയ്തുകൊടുക്കണമെന്നു് ആ പ്രമേയത്തിൽ ആവശ്യപ്പെട്ടുകയുണ്ടായിട്ടുണ്ടു്. വാസ്തവത്തിൽ ഒരു ലൈബ്രറിക്കു് ആകർഷകമായ ഒരു കെട്ടിടമുണ്ടാകുന്നതുതന്നെ ആ ലൈബ്രറിയെ കൂടുതൽ ഉപയോഗകരമാക്കുന്നതിനു് സഹായിക്കും. ഇന്നത്തെ നിലയിൽ ഗവൺമെണ്ടു് ഈ കാര്യത്തിൽ യാതൊരു ശ്രദ്ധയും ചെലുത്തുന്നതായി കാണുന്നില്ല. ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിൽതന്നെയും അതു് നേരെമറിച്ചാണു്. ഏതെങ്കിലും ലൈബ്രറികൾ സഹായത്തിനുവേണ്ടി ആവശ്യപ്പെടുകയാണെങ്കിൽ അതിനെ കഴിയുന്നതും താമസിപ്പിക്കുകയെന്നുള്ള ഒരു നയമാണൊ ഗവൺമെണ്ടു് സ്വീകരിച്ചിട്ടുള്ളതെന്നു ഇയ്യിടെ കഴിഞ്ഞ ഒരു സംഭവത്തിൽനിന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

സർ, തൃശ്ശിവപേരൂരിന്നടുത്ത വിയ്യൂർ എന്ന ഗ്രാമത്തിൽ നല്ല നിലയിൽ നടക്കുന്ന ഒരു ഗ്രന്ഥാലയമുണ്ടു്. അതു നടത്തിക്കൊണ്ടുപോകുന്നവർ ചുരുക്കമുള്ള ഏതാനും ചെറുപ്പക്കാരാണു്. അവർക്കു ലൈബ്രറിക്കുവേണ്ടി ഒരു കെട്ടിടം പണിയുന്നതിനു സൌജന്യമായി കുറെ മരം നൽകണമെന്നു അവർ ഗവൺമെണ്ടിനോടപേക്ഷിച്ചു. അതു നൽകുവാൻ വനം കൺസർവേറ്റർ അനുവദിക്കയും ചെയ്തു. അതു് മന്ത്രി അവർകളുടെ പുനഃപരിശോധനക്കുശേഷം ഡിപ്പാർട്ടുമെണ്ടു് മേലധ്യക്ഷനു വീണ്ടും മടങ്ങി വന്നു. നിശ്ചയമായും ഇത്തരത്തിലുള്ള അപേക്ഷകൾ ഗവൺമെണ്ടിനു കിട്ടുകയാണെങ്കിൽ അവയെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നതിനും ഭരണപരമായ അന്വേഷണങ്ങൾക്കു വിധേയമാക്കാതെതന്നെ ഉടനടി നൽകുവാനും എന്താണു് വിരോധമെന്നാണു് എനിക്കു ഗവൺമെണ്ടിനോടു ചോദിക്കുവാനുള്ളതു്.

അവസാനമായി, ലൈബ്രറികൾ നടത്തുന്ന പ്രവർത്തകന്മാർക്കു ലൈബ്രറിപ്രസ്ഥാനത്തെ സംബന്ധിച്ചും അതിന്റെ നാനാവശങ്ങളെ സംബന്ധിച്ചും കാര്യക്ഷമമായ രീതിയിൽ പരിശീലനം കൊടുക്കുന്നതു വളരെവളരെ സഹായമായിരിക്കും എന്നാണു് എന്റെ വിനീതമായ അഭിപ്രായം. ലൈബ്രറികൾ നടത്താൻ ഏതെങ്കിലും ഒരു പ്രൈമറി സ്കൂൾ മാസ്റ്ററൊ ഒരു വെറും സാധാരണക്കാരനൊ മതിയെന്നുള്ള കാലം കഴിഞ്ഞുപോയി. പരിശീലനമില്ലാത്തവരുടെ കയ്യിൽ ലൈബ്രറികൾ ഏല്പിക്കുകയെന്ന നയം ഇനിയും തുടരുന്നതു് ലൈബ്രറിപ്രസ്ഥാനം നശിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ലൊരു വഴിയാണെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു ലൈബ്രറിപ്രസ്ഥാനം നമ്മുടെ നാട്ടിൽ അഭിവൃദ്ധിപ്പെടണമെങ്കിൽ യഥാർത്ഥസാംസ്കാരികകേന്ദ്രങ്ങളെന്ന നിലയിൽ നമ്മുടെ രാജ്യത്തെ ലൈബ്രറികളെ പുനഃസംഘടിപ്പിക്കേണ്ടതിന്റെ അത്യാവശ്യകതയെ ഞാൻ ശക്തിയായി ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. തക്കതായിട്ടുള്ള പരിശീലനം കിട്ടിയവരുടെ നേതൃത്വത്തിൽ വില്ലേജു ലൈബ്രറികളെ സംഘടിപ്പിക്കുകയും ഇന്നു് അസംഘടിതമായ നിലയിൽ അവിടവിടെ നടത്തിവരുന്ന ഗ്രന്ഥാലയങ്ങളെയെല്ലാം കൂട്ടിയിണക്കി ഒരു നല്ല ഗ്രന്ഥാലയപ്രസ്ഥാനത്തിനു് അടിക്കല്ലിടുകയും ചെയ്യണമെന്നും ഞാൻ ഗവൺമെണ്ടിനോടഭ്യർത്ഥിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊച്ചിയിലെ ലൈബ്രറികൾ മകരം 8-ാംതീയതി വരെ കുറെയൊക്കെ പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിന്റേയും കുറെയൊക്കെ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിന്റേയും കീഴിലാണു് പ്രവർത്തിച്ചിരുന്നതു്. അങ്ങിനെ രണ്ടു ഡിപ്പാർട്ടുമെണ്ടുകളുടെ മേലനേഷണമുള്ളതുകൊണ്ടു് ആ പ്രസ്ഥാനത്തിനു വേണ്ടിടത്തോളം പരിപോഷണമുണ്ടാകുന്നില്ലെന്നു ഗവൺമെണ്ടിനു് ഏതാനും കാലത്തെ അനുഭവംകൊണ്ടു ബോദ്ധ്യമായി. അങ്ങിനെ ബോദ്ധ്യമായതിന്റെ ഫലമായിട്ടു് ലൈബ്രറി ഡിപ്പാർട്ടുമെണ്ടു് ഒരു പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ഡിപ്പാർട്ടുമെണ്ടാക്കേണ്ടതാണെന്ന ഗവമ്മെണ്ടു തീരുമാനിച്ചു. അപ്രകാരമൊരു തീരുമാനം ചെയ്യുതിനു ഗവമ്മെണ്ടിനെ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ അനുമോദിച്ചുതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. എന്നാൽ ഇങ്ങിനെയൊരു ഡിപ്പാർട്ടുമെണ്ടുണ്ടാക്കി യതിനുശേഷം അതിന്റെ അദ്ധ്യക്ഷനായി നിയമിതനായ ആളെക്കുറിച്ചാണ് അദ്ദേഹം എ ന്തോ ചിലതൊക്കെ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ചില സംശയംകൊണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതെ, ചില സംശയമൊക്കെ പറഞ്ഞതു്. എ ന്നാൽ വ്യക്തമായി, കായ്മായി ആ മേലദ്ധ്യക്ഷനെക്കുറിച്ചു് എന്താണു് അദ്ദേഹം ആക്ഷേപമാ യി പറഞ്ഞതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : മനസ്സിലായി എന്നു സമ്മതിച്ചിട്ടുണ്ടല്ലൊ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉരുണ്ട കോലല്ല, ചതുരക്കോലാണു് എന്നും മറ്റും പറഞ്ഞുവെന്നല്ലാതെ എന്താക്ഷേപമാണുള്ളതെന്നതിനെക്കുറിച്ചു പറയുകയുണ്ടായില്ല. കോ ളേജിലുള്ള ഒരു പ്രൊഫസറെയാണു് ഇതിന്റെ ഡയറക്ടരായി നിയമിച്ചിട്ടുള്ളതെന്നു് അദ്ദേ ഹം ആക്ഷേപിക്കുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഞാൻ അങ്ങിനെയല്ല പറഞ്ഞതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അങ്ങിനെയല്ല പറഞ്ഞതെന്നുവെച്ചാൽ അങ്ങി നെ ആക്ഷേപമുണ്ടായില്ലെന്നു അനുമാനിക്കാൻ വഴികാണുന്നില്ല. ലൈബ്രറികൾക്കായി പ്രത്യേകമൊരു ഡിപ്പാർട്ടുമെണ്ടു വേണമെന്നു തീരുമാനിച്ചപ്പോൾ അതിന്റെ അദ്ധ്യക്ഷ നായി ഒരാളെ നിയമിക്കേണ്ട കായ്ംക്രടി വന്നു. ലൈബ്രറിക്കു ഒരു പ്രത്യേക ഡിപ്പാർട്ട മെണ്ടു വേണമെന്നു വന്നപ്പോൾ അതിനു് ഒരു അദ്ധ്യക്ഷനേയും നിയമിക്കേണ്ടതാവശ്യമാ ണല്ലൊ. അദ്ധ്യക്ഷനെ നിയമിക്കുന്ന കായ്യത്തെ സംബന്ധിച്ചാണെങ്കിൽ എന്റെ സ്നേഹി തൻ മിസ്റ്റർ കുമാരനെഴുത്തശ്ശൻ പറഞ്ഞ ആക്ഷേപത്തിനു മറുപടി പറയുവാൻ ബുദ്ധിമുട്ടു ണ്ടു്. ഇതല്ലാതെ വേറെ വല്ല പ്രത്യേക ചാർജ്ജുകളും പറഞ്ഞിരുന്നുവെങ്കിൽ അതിനു മറു പടി പറയാമായിരുന്നു. ഇതിനെ വാസ്തവത്തിൽ ഒരു അശോകവനികാന്യായമെന്നു മാ ത്രമേ പറയുവാൻ തരമുള്ളു. വാൽമീകിരാമായണത്തിൽ സീത അശോകമരത്തിന്റെ ചുവ ട്ടിൽ പോയിരുന്നുവെന്നു പറയുന്നുണ്ടു്. അശോകമരത്തിന്റെ ചുവട്ടിൽ അങ്ങിനെ പോ യിരിക്കുവാൻ എന്താണു് കാരണമെന്നു ചോദിച്ചാൽ അതിനു് എന്താണു് മറുപടി പറ യുക ? അവിടെയല്ല, വേറൊരു മരത്തിന്റെ ചുവട്ടിലാണു് പോയിരുന്നതെങ്കിൽ അവിടെ പോയിരിക്കാൻ എന്താണു് കാരണമെന്നു ചോദിച്ചേക്കാം. അതുമല്ല, മറ്റൊരു മര ത്തിന്റെ ചുവട്ടിലാണു് പോയിരുന്നതെങ്കിലും അതിനെന്താണു് കാരണമെന്നും ചോദിക്കാ നിടയുണ്ടു്. അതുകൊണ്ടു് അതുപോലെയുള്ള ചോദ്യങ്ങൾക്കു മറുപടി പറയുവാൻ കുറച്ചു വിഷമമാണു്. 'X' എന്ന ഒരാളെ ലൈബ്രറി ഡിപ്പാർട്ടുമെണ്ടിന്റെ മേലദ്ധ്യക്ഷനായി വെ ച്ചതിനു് അദ്ദേഹത്തിന്റെമേലുള്ള കുറ്റമെന്താണെന്നു മിസ്റ്റർ കുമാരനെഴുത്തശ്ശനുപോലും പ റയുവാൻ കഴിഞ്ഞില്ല. 'X' എന്ന ആളെ വെച്ചതിനു് എന്താണു് കാരണമെന്നു ചോദിക്കു കയാണെങ്കിൽ 'Y' എന്ന ആളെ വെച്ചാലും 'Z' എന്ന ആളെ വെച്ചാലും അതേചോദ്യം തന്നേ ചോദിക്കുകയുള്ളു. അതുകൊണ്ടു് എനിക്കു് അദ്ദേഹത്തോടും ഈ സഭയോടും പറയുവാ നുള്ളതു വ്യക്തമായും ന്യായമായുമുള്ള കുറ്റങ്ങളും ഉണ്ടെങ്കിൽ അതു പറയുവാൻ നോക്കുന്നുന്നതി നു പകരം ഇങ്ങിനെ 'പുക' പോലെയുള്ള ആക്ഷേപങ്ങളും പറഞ്ഞിട്ടു കായ്മില്ല എന്നാണു്. മകര ത്തിൽ ഇതൊരു പ്രത്യേക ഡിപ്പാർട്ടുമെണ്ടാക്കിയതിനുശേഷം ആ ഡിപ്പാർട്ടുമെണ്ടിലേക്കു പഞ്ചാ യത്തു ഡിപ്പാർട്ടുമെണ്ടിൽനിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽനിന്നും കിട്ടേണ്ട റിക്കാർട്ട കളും ബഡ്ജറ്റിനങ്ങളിലുള്ള പണങ്ങളും മറ്റും ന്യായമായി കിട്ടുവാനും ഇതു് ഒരു അടിക്കാമ്മ മായ സ്ഥാപനമായി നടത്തിക്കൊണ്ടുപോകുവാനും ഉള്ള പരിശ്രമങ്ങളും നടത്തിവരുന്നുണ്ടു്. ആ പരിശ്രമങ്ങൾക്കു ശ്രീമാൻ രാജാവിന്റെ പ്രസംഗത്തിൽ ഒന്നുരണ്ടു തെറ്റായ പ്രസ്താവന നകളും ഉണ്ടായി. അവകളെ ഞാൻ അപ്പോൾതന്നെ ഖണ്ഡിക്കാതിരുന്നതു് ആ ധാരണ എന്താണെന്നുള്ളതു് എല്ലാവരും അറിഞ്ഞുകൊള്ളട്ടെ എന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണു്. ലൈബ്രറികൾക്കു വേണ്ട പുസ്തകങ്ങളും അവരവക്കു ഇഷ്ടംപോലെ തിരഞ്ഞെടുക്കുവാനുള്ള അവകാശമില്ല എന്നാണു് അദ്ദേഹം പറഞ്ഞതു്. ആ വിധത്തിലുള്ള യാതൊരു നിബന്ധന

LIBRARY ARCHIVES Kerala Legislative Assembly

കളും നിയന്ത്രണങ്ങളും ഇന്നില്ല. ഓരോ ലൈബ്രറികൾക്കും ഇഷ്ടമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുവാനുള്ള ഉപദേഷ്ടാക്കളുമുണ്ട്. ഇന്നയിന്ന പുസ്തകങ്ങൾ എടുത്തുകൊള്ളണമെന്ന് ഒരു ഓർഡറും ഒരു രൂളും ഇന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : മുമ്പുണ്ടായിരുന്നു, ഇന്നും അതു പ്രവർത്തനത്തിലുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അടുത്തയവസരത്തിൽ ഒന്നോ രണ്ടോ പുസ്തകങ്ങളുടെ ഗ്രന്ഥകർത്താക്കൾ അവരുടെ പുസ്തകങ്ങളെടുക്കണമെന്ന് എനിക്കെഴുതിയയച്ചതിനു കൊടുത്ത മറുപടി പുസ്തകങ്ങൾ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഗവൺമെണ്ടിനില്ല എന്നാണ്. ഇതുവിധത്തിലുള്ള യാതൊരു ഗവൺമെണ്ടു നിയമങ്ങളും ഈ വിഷയത്തിൽ ശാസിക്കുന്നില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ഗവൺമെണ്ടു കൊടുക്കുന്ന പണംകൊണ്ടു പുസ്തകം വാങ്ങുവാൻ വിരോധമുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഗ്രാന്റു കൊടുക്കുന്ന പണം കൊടുത്തു് ഏതു പുസ്തകങ്ങളും ലൈബ്രറികൾക്കു് ഇഷ്ടംപോലെ വാങ്ങാം. അതുകൊണ്ടു് ഇങ്ങിനെയുള്ള തെറ്റായ ധാരണയുണ്ടെങ്കിൽ അതു മാറുവാൻകൂടി ഞാൻ ഈ അവസരത്തെ ഉപയോഗിക്കുന്നു.

ലൈബ്രറി കെട്ടിടങ്ങളുണ്ടാക്കേണ്ട കാര്യത്തെക്കുറിച്ചും ശ്രീമാൻ രാജാ ഇവിടെ പ്രസ്താവിച്ചു. യഥാർത്ഥത്തിൽ അതൊരു തത്വമാണെന്നുള്ള നിലയിൽ അതിനൊരു അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഗവൺമെണ്ടിൽനിന്നും ലൈബ്രറികൾക്കെല്ലാം ആകർഷണീയമായ വിധത്തിൽ മനോഹരങ്ങളായ കെട്ടിടങ്ങളുണ്ടാക്കിക്കൊടുക്കുവാൻ ഗവൺമെണ്ടിനു സാധിക്കുന്നില്ലെന്നുണ്ടെങ്കിൽ അതിനെക്കുറിച്ചു നിങ്ങളാരും ചോദ്യംചെയ്യരുതു്.

മിസ്റ്റർ എം. കെ. രാജാ : എന്റെ പോയിന്റ് അതല്ല. പ്രാദേശികമായ ആവശ്യങ്ങൾക്കുവേണ്ടി മരം മുതായവ വേണമെന്നു ചോദിച്ചാൽ കൊടുത്തു സഹായിക്കുവാൻ എന്താണു വിരോധം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : മരം കൊടുക്കലായാലും പണം കൊടുക്കലായാലും അവസാനം വരുമ്പോൾ എല്ലാം ഗവൺമെണ്ടിന്റെ കയ്യിൽനിന്നുതന്നെ കൊടുക്കേണ്ടിവരും. മരം കൊടുക്കുക, പണം കൊടുക്കുക ഇതിനു രണ്ടിനും ഒരു പരിമിതിയുണ്ടു്. ഈ രണ്ടിന്റേയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു്, നാനാവിധത്തിലുള്ള ഗവൺമെണ്ടിന്റെ ബുദ്ധിമുട്ടുകളേയും പലവിധത്തിലുള്ള ഗവൺമെണ്ടിന്റെ ആവശ്യങ്ങളേയും ആലോചിച്ചുകൊണ്ടു ലൈബ്രറികൾക്കു സഹായം ചെയ്തുകൊടുക്കുന്ന കാര്യവും തീർച്ചയായും ആലോചിക്കപ്പെടുന്നതാണു്. എങ്കിലും മിസ്റ്റർ കുമാരനെഴത്തശ്ശനോടും ഈ സഭയിലെ മറ്റംഗങ്ങളോടും ഒരു സംഗതി എനിക്കു് ഉറപ്പിച്ചു പറയുവാൻ സാധിക്കും. ഈ ലൈബ്രറി ഡിപ്പാർട്ടുമെണ്ടു് ഒരു പ്രത്യേകഡിപ്പാർട്ടുമെണ്ടായി തിരിച്ചതുതന്നെ ആ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനത്തെ വളർത്തിയാൽ കൊള്ളാമെന്നുദ്ദേശിച്ചാണു്. മിസ്റ്റർ എഴത്തശ്ശൻ പറഞ്ഞതുപോലെ ഉദ്യോഗത്തിനുവേണ്ടിയല്ല ഇങ്ങിനെയൊരു ഡിപ്പാർട്ടുമെണ്ടുണ്ടാക്കിയതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : സംശയം തോന്നിയതുകൊണ്ടാണു പറഞ്ഞതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സംശയാത്മാ വിനശ്യതി. ഒരു ഡിപ്പാർട്ടുമെണ്ടു വെച്ചതുകൊണ്ടു പരിചയവും തൻപേടവും ഉള്ള ഒരുദ്യോഗസ്ഥനേയും അതിൽ നിയമിക്കുവാൻ സാധിച്ചു. ആ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ നല്ലതല്ലെന്നോ ന്യൂനതകളുണ്ടെന്നോ ഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ എല്ലാ ഉദ്യോഗസ്ഥന്മാരുടേയും കാര്യത്തിൽ ആവക കാര്യങ്ങൾക്കു ഗവൺമെണ്ടു ചെയ്യുന്നമാതിരി ഇദ്ദേഹത്തിന്റെ കാര്യത്തിലും ചെയ്യാവുന്നതാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ. അതു ചെയ്യാൻ സാധിക്കുമോ എന്നാണു ചോദിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : തീർച്ചയായിട്ടും സാധിക്കും. എന്തുകൊണ്ടു സാധിക്കുകയില്ല, മിസ്റ്റർ കുമാരനെഴത്തശ്ശനെപ്പോലെയുള്ള ഉജ്ജ്വലസ്വഭാവന്മാരായ പ്രവർത്തകന്മാരുണ്ടായിരിക്കുന്നിടത്തോളംകാലം എന്താണു് ഈ ഗവൺമെണ്ടിനു സാധിക്കാത്തതു് ? (ചിരി). അതുകൊണ്ടു് ഈ വിമർശനങ്ങൾ, ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ ഏതൊരുദ്ദേശത്തോടുകൂടിയാണൊ നൽകിയതു് അതേ ഉദ്ദേശത്തോടുകൂടിത്തന്നെ ഗവൺമെണ്ടു് അവയെ സ്വീകരിച്ചി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

രിക്കുന്നുവെന്നും ഈ ഡിപ്പാർട്ടുമെണ്ടു വികസിപ്പിക്കുവാനുള്ള സകല പരിശ്രമങ്ങളും ചെയ്തു കൊള്ളാമെന്നും ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. അതുകൊണ്ടു് ഈ ഡിപ്പാർട്ട്മെണ്ടു വികസനത്തിനുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ള ഈ പണം അനുവദിച്ചുതരണമെന്നു ഞാൻ സഭയോടു പേക്ഷിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: ഡിപ്രസ്ഡ് ക്ലാസ്സ് പീപ്പിൾസിനു ചില വായനശാലകളിൽ കയറിയിരുന്നു വായിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു ആവലാതി ഗവണ്മെണ്ടിന്റെ അടുക്കൽ വന്നിട്ടില്ല. വന്നാലുടനെ അതിനു പരിഹാരം ചെയ്യാം. അതുപോലുള്ള വേറെ ആവലാതികളും വന്നതു് ഇതിനുമുമ്പു പരിഹരിച്ചിട്ടുണ്ടു്. ലൈബ്രറികളെ സംബന്ധിച്ചിടത്തോളം ആവലാതികളൊന്നും വന്നിട്ടില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പർ ആവലാതികളുണ്ടെന്നു കാണിച്ചുതരികയാണെങ്കിൽ അങ്ങിനെയുള്ള ലൈബ്രറികളും നിലനിൽക്കുന്നതുമല്ല, അവക്കു മേലാൽ ഗവണ്മെണ്ടു സഹായധനം നൽകുന്നതുമല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അവർകളും എന്റെ ഖണ്ഡനോപക്ഷേപത്തെക്കുറിച്ചു ചെയ്ത വിമർശനം, തന്റെ സ്വതസിദ്ധമായ വാഗൈഭവത്തോടുകൂടി ചെയ്ത ആ വിമർശനം, ഞാൻ എന്റെ പ്രസംഗത്തിൽ ഉന്നയിച്ച സംഗതികൾക്കു മറുപടിയായിട്ടില്ലെന്നു ഞാൻ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗം സശ്രദ്ധം കേട്ടിട്ടുള്ളവർക്കു തോന്നാതിരിക്കയില്ല. ഞാൻ പറഞ്ഞതു് ഒരു ഡിപ്പാർട്ട്മെണ്ടു്, അതിലും വിശേഷിച്ചു ലൈബ്രറി ഡിപ്പാർട്ട്മെണ്ടു ഭരിക്കുന്നതിനു നിശ്ചയിക്കുന്ന മേലുദ്യോഗസ്ഥൻ അതിനു തക്കയോഗ്യതയും പരിശീലനവുമുള്ള ആളായിരിക്കുന്നതിനും പുറമെ ആ ഉദ്യോഗസ്ഥനെ നിയന്ത്രിക്കുവാനും —വേണ്ടവിധത്തിൽ നിയന്ത്രിക്കുവാനും—വേണ്ടിവന്നാൽ കുറത്തിനു ശിക്ഷിക്കുവാനുമുള്ള ധൈര്യം മേലധികാരിക്കു് ഉണ്ടാകത്തക്ക നിലയിലുള്ള ഒരു ഉദ്യോഗസ്ഥൻ ആയിരിക്കണമെന്നും അദ്ദേഹത്തിന്റെ മേലധികാരിയിൽനിന്നു വരുന്ന ശാസനകളെയും ഉപദേശങ്ങളേയും മറ്റു മേലുദ്യോഗസ്ഥന്മാർ സ്വീകരിക്കുന്ന രീതിയിൽതന്നെ സ്വീകരിച്ചു പ്രവൃത്തിക്കുവാനുള്ള പരിതസ്ഥിതിയുള്ള ആളായിരിക്കണമെന്നു മറ്റുമായിരുന്നുവല്ലൊ. സംഗതികൾ അറിയാവുന്നവർക്കു അങ്ങിനെയുള്ള മേലുദ്യോഗസ്ഥനല്ല ഇവിടെ നിയമിതനായിട്ടുള്ളതെന്നു മനസ്സിലായിട്ടുള്ള സ്ഥിതിക്കു....

മിസ്റ്റർ പി. കെ. ഡിവർ: അതു ശരിയാണോ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ ഉദ്യോഗസ്ഥന്റെ പേരു് അറിയാവുന്നവർക്കു് അതു മനസ്സിലാകും. ഞാൻ, ഉന്നയിച്ച സംഗതികൾ, എനിക്കു അധികാരം എത്രത്തോളമുണ്ടോ അതിന്റെ പരിധിയിൽ നിന്നുകൊണ്ടു ചെയ്തിട്ടുള്ളതുമാത്രമാണു്. അതിരു കടക്കാതെ കായ്ക്കണം മനസ്സിലാകത്തക്കനിലയിൽ പറഞ്ഞതിനാണു് വൃത്താകാരത്തിൽ ചതുരസാധനം ചെലുത്തിയമാതിരി....

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിൽ വൃത്താകാരമെവിടെ, ചതുരസ്സാധനം എവിടെ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഞാൻ പറഞ്ഞതു മന്ത്രി അവർകൾക്കു മനസ്സിലായിട്ടുണ്ടു്. മന്ത്രി അവർകളെ കായ്യം മനസ്സിലാക്കണമെന്നേയുള്ളൂ. മന്ത്രിയവർകൾക്കുതു് പ്രത്യക്ഷത്തിൽ സമ്മതിക്കാൻ തരമില്ലെന്നും അറിയാവുന്ന സംഗതിയാണു്.

മിസ്റ്റർ എം. കെ. രാജാ: സഭക്കു മനസ്സിലാകേണ്ടേ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു ഞാൻ പറഞ്ഞതു എന്താണെന്നുള്ളതു് മനസ്സിലായിട്ടുണ്ടു്. സഭക്കും മനസ്സിലായിട്ടുണ്ടു്. ചോദ്യകർത്താവിനു തീച്ചയായും മനസ്സിലായിട്ടുണ്ടു്. ഇപ്പോഴത്തെ മേലുദ്യോഗസ്ഥനു ലൈബ്രറി പ്രവർത്തനത്തിനു വേണ്ടുന്ന ട്രെയിനിംഗ് കൊടുക്കുക. ചുരുങ്ങിയ കാലത്തേക്കൊ വേണ്ടിവന്നാൽ ദീർഘകാലത്തേക്കൊ പരിശീലനം കൊടുത്തു്, ഇപ്പോഴത്തെ ആളെ മാറ്റുവാൻ ചുറ്റുപാടുകൾ സമ്മതിക്കുകയില്ലെങ്കിൽ, ആ ആളെതന്നെ വെച്ചുകൊണ്ടു്, ലൈബ്രറി പ്രസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തെ നല്ല ഭാവിയിലേക്ക കൊണ്ടുവരുവാൻ നോക്കണമെന്നു പറഞ്ഞതു് മനസ്സിലായിട്ടി ല്ല എന്നു ഞാൻ വിശ്വസിക്കുന്നില്ല. അതു് മനസ്സിലായിട്ടുള്ളതുകൊണ്ടു് അതിലേക്ക വേ ണ്ടതു ചെയ്യണം. എതുയും നല്ലൊരു സ്ഥാപനത്തിന്റെ ഉന്നതി കാരുവാൻ ഞാൻ ഭാവ മില്ല. മുഴുവൻ സംഖ്യയും അനുവദിച്ചു തരാം. പക്ഷെ ഞാൻ പറഞ്ഞതു മുഴുവൻ ചെയ്യ കയും ബഹുമാനപ്പെട്ട മുളകുന്നത്തുകാവു പ്രതിനിധി ചൂണ്ടികാണിച്ച രണ്ടു സംഗതികൾക്കും പുറമെ അനവധി സംഗതികൾ പ്രവർത്തിക്കുവാനുള്ളതു് ചെയ്യുകയും വേണം. ഈ ഡിപ്പാ ർട്ടുമെണ്ടിന്റെ, ഇതപര്യന്തമുള്ള പ്രവർത്തനങ്ങൾ നേരിട്ടറിയുവാൻ, എന്റെ പ്രദേശത്തു് ഒരു ലൈബ്രറിയുടെ സിക്രട്ടറിയായിരിക്കുവാനുള്ള നിർഭാഗ്യം സിദ്ധിച്ചിട്ടുള്ള എനിക്ക സാ ധിച്ചിട്ടുണ്ടു്. ഇവിടെ പറഞ്ഞതൊക്കെ ശരിയാണു്. ലൈബ്രറിക്ക ആവശ്യമുള്ള പുസ്തക ങ്ങളൊക്കെ വാങ്ങാം. പക്ഷെ വാങ്ങുവാൻ വിചാരിക്കുന്ന പുസ്തകങ്ങളുടെ ഒരു ലിസ്റ്റു് ചി ങ്ങമാസത്തിൽ അയച്ചാൽ കർക്കടകമാസത്തിൽ പാസായിവരും. ചില പുസ്തകങ്ങളുടെ നേരെ ചുകന്ന മഷിയിൽ വരച്ചിരിക്കും. അതു കറുത്ത മഷിയിൽ എഴുതി പിന്നെയും അയ ക്കണം. അതു് വെട്ടികൊള്ളാതെ മടങ്ങി വരണമെങ്കിൽ പിന്നത്തെ കൊല്ലമാകണം.

അതുകൊണ്ടു് അത്യന്താപേക്ഷിതമായ ഈ പ്രസ്ഥാനത്തെ അതർഹിക്കുന്ന നിലയിൽ ഞാൻ ആദ്യം പറഞ്ഞമാതിരി ൫ ൫ മൈൽ നീളമുള്ള ഷെൽഫുകളില്ലെങ്കിലും ൫ ൫ കോ ലിലെങ്കിലും ൫ കോലെങ്കിലുമുള്ള ഒരു ഷെൽഫിൽ ലൈബ്രറി പുസ്തകങ്ങൾവെച്ചു, അതിൽ വെക്കേണ്ടതരത്തിലുള്ള പുസ്തകങ്ങൾവെച്ചു", അതു് ശരിയായി ആളുകൾ ഉപയോഗിക്കുന്നു ണ്ടോ എന്നു നോക്കി ലൈബ്രറികൾ കൊണ്ടുദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ ശരിയായി സാധിപ്പി ക്കണമെന്നു് ഒന്നുകൂടി പറഞ്ഞുകൊണ്ടും ആദ്യം പറഞ്ഞ സംഗതികളിൽ ഒന്നുകൂടി മനസ്സിരു ത്തണമെന്നും നിവൃത്തിയുണ്ടെങ്കിൽ ആദ്യം പറഞ്ഞതുപോലെ ടെയിനിംഗ് കൊടുക്കണമെ ന്നും ആവശ്യപ്പെട്ടുകൊണ്ടും കൌൺസലിന്നു സമ്മതമുണ്ടെങ്കിൽ ഈ ഉപക്ഷേപത്തെ പിൻ വലിക്കുന്നതിന്നു് അനുവദിക്കുവാൻ അപേക്ഷിക്കുന്നു.

(Motion, by leave, withdrawn)

Mr. President: The question is that Government demand an additional sum of Rs. 4,321 under Libraries and it be granted.

Demand put and carried

(XVIII to XXII)

Mr. P. Govinda Menon *(Minister for Food and Education):* May I move demands numbers 18 to 22 together.

Mr. President: Yes.

Mr. P. Govinda Menon *(Minister for Food and Education):* I move that Government be granted an additional amount fo Rs. 4,160 under 15 Education (Cranganur) 3 Primary Boys Establishment Rs. 435 under Dearness allowance—Sirkar Schools—Cranganur Rs. 700 under Salary Grant—Grant-in-aid (Cranganur) Rs. 1,155 under 15—3 Primary Boys Ordinary Grant Grant-in-Aid (Cranganur) and Rs. 50 under Contribution to dearness allowance—Aided Schools (Cranganur).

For payment of arrear pay, etc., to the Primary teachers of Cranganur consequent on the revision of their pay with effect from 2nd Dhanu 1122 necessary additional allotment was sanctioned in 1121 under 15 Education, Cranganur but the amount could not be utilised in 1121 as orders on the manner of fixation of pay were passed only in 1122. The following additional allotments have therefore become necessary under the head 15 Education in the current years Cranganur Budget. No savings are available under other heads for reappropriation.

I request that the amounts may be sanctioned.

Mr. President: The question is that Government be granted an additional allotment of Rs. 4,160 under 15—3 Primary Boys Establishment, Rs. 435 under Dearness Allowance—Sirkar Schools, Rs. 700 under Salary Grant—Grant-in-aid, Rs. 1,155 under Ordinary Grant—Grant-in-aid and Rs. 50 under Contribution—Dearness Allowance—Aided Schools.

Demands put and carried

LIBRARY ARCHIVES Kerala Legislative Assembly

(XXIII) 3 Veterinary—Furniture

Rao Bahadur T. K. Nayar *(Minister for Public Health):* I move for an additional allotment of Rs. 1,500 under 3—Vaterinary—Furniture.

This year two Veterinary Hospitals, one at Kozhinjampara and the other at Pazhayannur and a Veterinary Dispensary at Nanniode have been opened. The allotment sanctioned for the supply of furniture to the Deparment for the current year is only Rs. 850. This is not found sufficient to supply the essential items of furniture to all the veterinary inst tutions including those newly opened. Therefore, an additional grant of Rs. 1,500 is necessary under the head "3-Veterinary—Furniture". I request that this grant be made.

Mr. President: There is a cut motion by Mr. P. Kumaran Ezhuthassan.

CUT MOTION No. 6

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, Sir, I move that the amount asked for, *viz.*, Rs. 1,500 under "3-Veterinary—Furniture" be reduced by Re. 1. The object of the cut motion is to urge upon the Government the crying necessity for an intensified scheme for the opening of more veterinary dispensaries immediately.

The object shows, Sir, that inclusive of the two veterinary hospitals and one dispensary the total number of veterinary service institutions is not anything which ought to be—I am not sure of the correctness of my figure—but what I see from the books is veterinary surgeons 125 to 150—10 persons).

Rao Bahadur T. K. Nayar *(Minister for Public Health):* There are 12 hospitals and 11 dispensaries.

Mr. P. Kumaran Ezhuthassan *(Vadakkanchri):* Mr. President, in an agricultural country like Cochin much depends upon the produce from these agricultural lands. The country, certainly, does require many more veterinary institutions than 23. The ideal condition would be to have one veterinary service institution for each village, in that way you will have to provide about 273 or 275 veterinary institutions. With that, all that is meant is to have as large a number of institutions as possible. One answer would be that it is a fantastic suggestion that I make. It is a condition for which any ministry worth the name must be able to find funds and see that it is worked in that fashion. The directive must also be of a better type than what it is today; and all the connected links between the basic institutions and the head of the department must also be created. There must be sufficient co-ordination, equipment, medicine and the type of men who know the business who have got the principle of service, in their minds, to the agriculturists, not to the agriculturists themselves but also the dumb-founded cattle which cannot ask for any relief. The persons who are to man these institutions must be of this type. The selection of such men requires certain other conditions. When you are at that, you must be prepared to offer a remuneration which will attract men of the type required. This means heavy expenditure but as far as heavy expenditure is concerned, judged from the various items of the supplementary demands that were moved in the two previous meetings and most of them in this meeting, I think, there is absolutely no difficulty for funds in Cochin. That being so, let it not be said that there is dearth for money. Hence, the suggestion in this cut motion. I have deliberately chosen those words, *viz.*, the necessity, the crying necessity, for an intensified scheme for the opening of more veterinary institutions immediately. I stress that there must be a scheme. Kozhinjampara requires a hospital though discovered very late. There is reason for the policy, but let there be a scheme that is the chosen word, intensified scheme for the opening of more veterinary institutions and that be executed immediately—immediately doesn't mean to-morrow—it is only a comparative expression. The dilatoriness, wanton or otherwise, that is seen on the part of the executive at present should not find a place as far as this grievance is concerned, because it affects the dumb-driven cattle. The object of my cut motion, Sir, is not to take away the 16 annas, but to urge the Government to intensify the scheme and at the same time with the utmost speed as possible. That is the purpose of the cut motion. If it will not be misunderstood as taking away the 16 annas, it is desirable, that in co-operation with the Treasury benches this cut is passed so that it may always be before them that here is something which we accept, not that I forced because I am helpless in numbers.

Choudhuri G. S. Dhara Singh *(Mattancheri):* Even in spite of that, it will be done.

LIBRARY ARCHIVES Kerala Legislative Assembly